2023
DECEMBER
22
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



# സഞ്ജുവിന് കന്നി സെഞ്ചുറി

## ഇന്ത്യയ്ക്ക് 78 റൺസ് ജയം

**പാൾ (ദക്ഷിണാഫ്രിക്ക) :** അടിച്ചു തകർക്കുന്ന തന്റെ പതിവു ശൈലി മാറ്റിവച്ച് ക്ഷമയോടെ ഇന്ത്യൻ ഇന്നിങ്സിനെ തോളിലേറ്റിയ സഞ്ജു സാംസണിന്റെ കന്നി സെഞ്ചറിയുടെ (114 പന്തിൽ 108) മികവിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ നിർണായകമായ മൂന്നാം ഏകദിനത്തിൽ ഇന്ത്യയ്ക്ക് 78 റൺസ് ജയം. പരമ്പര 2, 1നു സ്വന്തം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റു ചെയ്യേണ്ടി വന്ന ഇന്ത്യ 50 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ നേടിയത് 296 റൺസ്. ദക്ഷിണാഫ്രിക്കയുടെ മറുപടി 45.5 ഓവറിൽ 218 റൺസിൽ അവസാനിച്ചു. സഞ്ജുവാണ് പ്ലെയർ ഓഫ് ദ് മാച്ച്. പേസ് ബോളർ അർഷ്ദീപ് സിങ് പ്ലെയർ ഓഫ് ദ് സീരീസ്. 5 വർഷത്തിനു ശേഷമാണ് ദക്ഷിണാഫ്രിക്കൻ മണ്ണിൽ ഇന്ത്യ ഏകദിന പരമ്പര സ്വന്തമാക്കുന്നത്.

പാളിലെ ബോളണ്ട് പാർക്കിൽ കന്നി സെഞ്ചറിയുമായി സഞ്ജു മിന്നിയപ്പോൾ അർധ സെഞ്ചറി നേടിയ തിലക് വർമ (77 പന്തിൽ 52) കൂട്ടായി. അവസാന ഓവറുകളിൽ അടിച്ചു കളിച്ച റിങ്കു സിങ്ങും (27 പന്തിൽ 38) ഇന്ത്യൻ ഇന്നിങ്സിൽ മികച്ച പങ്കു വഹിച്ചു. രണ്ടാം ഏകദിനത്തിൽ സെഞ്ചറിയടിച്ച് ദക്ഷിണാഫ്രിക്കയുടെ വിജയശിൽപിയായ ഓപ്പണർ ടോണി ഡി സോർസി (87 പന്തിൽ 81) ഇത്തവണയും ആതിഥേയർക്കു പ്രതീക്ഷ നൽകിയെങ്കിലും കൂട്ടുനിൽക്കാൻ ആരുമുണ്ടായില്ല. 36 റൺസെടുത്ത എയ്ഡൻ മാർക്രമാണ് അവരുടെ രണ്ടാമത്തെ ടോപ് സ്കോറർ. ഇന്ത്യയ്ക്കു വേണ്ടി അർഷ്ദീപ് സിങ് 4 വിക്കറ്റ് വീഴ്ത്തി. ആവേശ് ഖാൻ, വാഷിങ്ടൻ സുന്ദർ എന്നിവർ 2 വിക്കറ്റ് വീതം നേടി.

ഓപ്പണർമാരായ രജത് പട്ടീദാറെയും (22) സായ് സുദർശനെയും (10) എട്ടാം ഓവറിൽ തന്നെ നഷ്ടമായ ഇന്ത്യയ്ക്ക് സഞ്ജുവും ക്യാപ്റ്റൻ കെ.എൽ.രാഹുലും (21) ചേർന്ന മൂന്നാം വിക്കറ്റ് കൂട്ടുകെട്ടാണ് അടിത്തറ നൽകിയത്. 52 റൺസാണ് ഇരുവരും ചേർന്നു നേടിയത്. 19ാം ഓവറിൽ രാഹുൽ പുറത്തായതിനു ശേഷം ക്രീസിലെത്തിയ തിലക് വർമ താളം കണ്ടെത്താൻ സമയമെടുത്തു. ഇതോടെ ഇന്ത്യൻ സ്കോറിങ്ങിന്റെ വേഗവും കുറഞ്ഞു. നേരിട്ട 39ാം പന്തിലാണ് തിലക് ആദ്യ ബൗണ്ടറി നേടിയത്.

നാലാം വിക്കറ്റിൽ സഞ്ജുവും തിലകും ചേർന്ന് 116 റൺസ് നേടി. 42ാം ഓവറിൽ തിലക് പുറത്തായ ശേഷം സ!ഞ്ജുവിനു കൂട്ടായി റിങ്കു സിങ് എത്തിയതോടെ റൺറേറ്റ് ഉയർന്നു. സ്പിന്നർ കേശവ് മഹാരാജിന്റെ പന്ത് ലോങ് ഓഫിലേക്കു തട്ടിയിട്ട് സഞ്ജു കന്നി സെഞ്ചറി തികച്ചതോടെ ഗാലറിയിലും ഡ്രസ്സിങ് റൂമിലും ആവേശമായി.

സ്കോറിങ് വേഗം ഉയർത്താനുള്ള ശ്രമത്തിനിടെ 46ാം ഓവറിൽ സഞ്ജു മടങ്ങിയെങ്കിലും റിങ്കു തന്റെ ഫിനിഷർ റോൾ ഇത്തവണയും ഭംഗിയാക്കി. 3 ഫോറും 2 സിക്സും അടങ്ങുന്നതാണ് റിങ്കുവിന്റെ ഇന്നിങ്സ്. വാഷിങ്ടൻ സുന്ദർ (9 പന്തിൽ 14) മികച്ച കൂട്ടായി. ദക്ഷിണാഫ്രിക്കൻ ബോളർമാർ വഴങ്ങിയ 22 എക്സ്ട്രാ റൺസും ഇന്ത്യയെ തുണച്ചു.

# റെക്കോഡ് നിലവാരത്തിൽനിന്ന് 1000 പോയന്റ് തകർന്ന് സെൻസെക്സ്

**മുംബൈ:**പുതിയ ഉയരം കുറിച്ച് 72,000 നിലവാരത്തിനടുത്തെത്തിയതിന് പിന്നാലെ ആയിരം പോയന്റിലേറെ തകർന്ന് സെൻസെക്സ്. നിഫ്റ്റിയാകട്ടെ 300 പോയന്റോളം നഷ്ടത്തിലാകുകയും ചെയ്തു. ഉയർന്ന നിലവാരത്തിലെത്തിയ വിപണിയിൽനിന്ന് വ്യാപകമായി ലാഭമെടുപ്പ് നടന്നതാണ് സൂചികകളെ ബാധിച്ചത്.



നിഫ്റ്റി മിഡ് ക്യാപ്, സ്മോൾ ക്യാപ് സൂചികകളാണ് കനത്ത തകർച്ച നേരിട്ടത്. ഇരു സൂചികകളും രണ്ട് ശതമാനത്തോളം ഇടിഞ്ഞു. എഫ്എംസിജി സൂചിക മാത്രമാണ് നേട്ടത്തിൽ പിടിച്ചുനിന്നത്. ബാങ്ക്, ഐടി സൂചികകളും 0.50 ശതമാനം നഷ്ടം നേരിട്ടു. ഓട്ടോ, മീഡിയ, മെറ്റൽ, പൊതുമേഖല ബാങ്ക്, റിയാൽറ്റി ഓഹരികളും തകർച്ചയിൽ മുന്നിൽനിന്നു.

സെൻസെക്സ് 930.88 പോയന്റ് താഴ്ന്ന് 70,506.31ലും നിഫ്റ്റി 302.90 പോയന്റ് നഷ്ടത്തിൽ 21,150.20ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ഒക്ടോബർ 26ന് ശേഷം ഏറ്റവും വലിയ പ്രതിദിന തകർച്ചയാണ് നിഫ്റ്റി നേരിട്ടത്. കഴിഞ്ഞ ഒരു മാസത്തിനിടെ മാത്രം 1,500 പോയന്റ് (7.6%) കുതിച്ചശേഷമാണ് ഈ തകർച്ച. നിഫ്റ്റി 500 ഓഹരികളിൽ ഇന്ത്യ ബുൾസ് ഹൗസിങ് ഫിനാൻസ്, ഇൻഡസ് ടവേഴ്സ്, എസ്ജെവിഎൻ, അലോക് ഇൻഡസ്ട്രീസ്, രാജേഷ് എക്സ്പോർട്സ്, സെൻട്രൽ ബാങ്ക് തുടങ്ങിയ ഓഹരികൾ കനത്ത ഇടിവ് നേരിട്ടു. 67 ശതമാനം. അദാനി പോർട്സ്, അദാനി എന്റർപ്രൈസസ് എന്നിവയും നഷ്ടം നേരിട്ടു. ഒഎൻജിസി, ടാറ്റ കൺസ്യൂമർ, ബ്രിട്ടാനിയ തുടങ്ങിയ ഓഹരികളാകട്ടെ 23 ശതമാനം നേട്ടമുണ്ടാക്കുകയും ചെയ്തു.

കോവിഡിന്റെ ജെ.എൻ വകഭേദം വ്യാപിക്കുന്നത് വിപണിയിൽ ആശങ്ക പരത്തിയിട്ടുണ്ട്. കേരളത്തിൽ ഇന്നലെ മാത്രം 292 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. മുന്ന് മരണവും ഉണ്ടായി.

ഏഷ്യൻ സൂചികകൾ നേട്ടത്തിലാണ് വ്യാപാരം നടന്നത്. ജപ്പാന്റെ നിക്കി 225 പോയന്റ് ഉയർന്നു. യുഎസിലെ (രണ്ട് വർഷത്തെ) കടപ്പത്ര ആദായത്തിൽ ഒരു ശതമാനത്തോളം കുറവുണ്ടായതാണ് ആഗോള വിപണി നേട്ടമാക്കിയത്. ബ്രന്റ് ക്രൂഡ് ഓയിൽ വിലയാകട്ടെ ബാരലിന് 80 ഡോളറിന് താഴെയുമാണ്.

## പൂഞ്ചിൽ ഭീകരാക്രമണം: 4 സൈനികർക്ക് വീരമൃത്യു, 3 പേർക്ക് പരിക്ക്

**ജമ്മു:** ജമ്മു കശ്മീരിലെ പൂഞ്ചിൽ സൈനിക വാഹനങ്ങൾക്കു നേരെയുണ്ടായ ഭീകരാക്രമണത്തിൽ നാലു സൈനികർക്ക് വീരമൃത്യു. മൂന്നു പേർക്ക് പരുക്കേറ്റിട്ടുണ്ട്. ഏറ്റുമുട്ടൽ ഇപ്പോഴും തുടരുകയാണ്. പ്രദേശത്തുനിന്നുള്ള ചിത്രങ്ങളും വിഡിയോകളു സമൂഹമാധ്യങ്ങൾ പടരുന്നുണ്ട്. ഭീകരർ നേർക്കുനേർ സൈനികരുമായി ഏറ്റുമുട്ടാനുള്ള സാധ്യത തള്ളിക്കളയാനാകില്ലെന്ന് സൈനിക വക്താക്കൾ പറയുന്നു. വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 3 മണിയോടെയാണ് സംഭവം. സൈനികരുമായി രജോരി തനമന്ദിസുരാൻകോട്ടെ റോഡിലൂടെ സഞ്ചരിച്ചിരുന്ന ഒരു ട്രക്കിനും ജിപ്സിക്കും നേരെയാണ് സവാനി മേഖലയിൽ വച്ച് ഭീകരർ വെടിയുതിർത്തത്.

ബുധനാഴ്ച രാത്രി മുതൽ ജമ്മുവിനെ ബുഫ്‌ലിയാസിനോട് ചേർന്നുള്ള പ്രദേശത്ത് ഭീകരർക്കു വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. ഭീകരരുടെ സാനിധ്യമുള്ളതായി രഹസ്യവിവരം ലഭിച്ചതിനെത്തുടർന്നാണ് സൈന്യം ഇവിടെ പരിശോധന ആരംഭിച്ചത്. ഇവിടേക്കുള്ള സൈനികരുമായി സഞ്ചരിച്ചിരുന്ന വാഹനങ്ങൾക്കു നേരെയാണ് ആക്രമണമുണ്ടായത്. രജോറി ജില്ലയിലെ ബാജിമാർ വനപ്രദേശത്തോടു ചേർന്നുണ്ടായ ആക്രമണത്തിൽ അഞ്ച് സൈനികർ കൊല്ലപ്പെട്ടതിനു പിന്നാലെയാണ് വീണ്ടും ഭീകരർ സൈനിക വാഹനങ്ങളെ ലക്ഷ്യം വച്ചിരിക്കുന്നത്.



# ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷങ്ങൾക്കൊരുങ്ങി ഹയാത്ത് റീജൻസി



**തിരുവനന്തപുരം:** ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷങ്ങൾക്കൊരുങ്ങി ഹയാത്ത് റീജൻസി. ആഘോഷ ദിനങ്ങളുടെ ഭാഗമായി ക്രിസ്തുമസ് ന്യൂഇയർ തീമിലുള്ള ബ്രഞ്ചും ഡിന്നറും ഡിസംബർ 24 മുതൽ ആരംഭിക്കും.മലബാർ കഫേയിൽ ഡിസംബർ 24ന് ഉച്ചയ്ക്ക് 12 മണിക്ക് ക്രിസ്തുമസ് ബ്രഞ്ചോടുകൂടിയാണ് ആഘോഷ പരിപാടികൾക്ക് തുടക്കമാകുന്നത്.

മൂന്ന് മണി വരെ നീളുന്ന ബ്രഞ്ചിൽ ലൈവ് ബീവറേജ് കൗണ്ടറും സ്പെഷ്യൽ ബിവറേജസിന് 1+1 ഓഫറും ലഭിക്കും. ക്രിസ്തുമസ് രാത്രിയിൽ 7 മണി മുതൽ 10.30 വരെ ഡിന്നറും ലഭ്യമാകും. അതോടൊപ്പം, ഓറിയന്റൽ കിച്ചൻ ഉച്ചഭക്ഷണത്തിനും അത്താഴത്തിനും പാൻഏഷ്യൻ പാചകരീതികളുടെയും പ്രത്യേകം തയ്യാറാക്കിയ ക്രിസ്തുമസ് വിഭവങ്ങളുടെയും രുചി വിരുന്നും ഒരുക്കും.ക്രിസ്തുമസ് ദിനത്തിൽ, ബ്രഞ്ച്, ലഞ്ച്, ഡിന്നർ എന്നിവയിലെല്ലാം ഉത്സവകാലത്തെ പ്രത്യേക രുചികൾ ആസ്വദിക്കാൻ അവസരമുണ്ടായിരിക്കും. ഓറിയന്റൽ കിച്ചനിൽ യഥാക്രമം ഉച്ചയ്ക്ക് 12:00 മുതൽ 03:00 വരെയും വൈകുന്നേരം 06:30 മുതൽ 11:00 വരെയും ഷെഫ് ലീയുടെ ക്രിസ്തുമസ് ലഞ്ചും ഡിന്നറും ഉണ്ടായിരിക്കും. മലബാർ കഫേയിലെ ബ്രഞ്ചും ഡിന്നറും യഥാക്രമം ഉച്ചയ്ക്ക് 12:00 മുതൽ 03:00 വരെയും വൈകുന്നേരം 07:00 മുതൽ 10:30 വരെയും ആയിരിക്കും. ഈ ദിവസങ്ങളിലെ പ്രധാന ആകർഷണം മലബാർ കഫേയിലെ ടൂപീസ് ബാൻഡിന്റെ തത്സമയ പ്രകടനമാണ്. ഇത് കൂടാതെ, ഡിസംബർ 24, 25, 31 തീയതികളിൽ മലബാർ കഫേയിൽ നടക്കുന്ന ബ്രഞ്ച്, ലഞ്ച്, ഡിന്നർ എന്നിവയുടെ ഭാഗമായി റീജൻസി ലോഞ്ചിൽ തിരഞ്ഞെടുത്ത ബീവറേജുകൾക്ക് പ്രത്യേക ഓഫറുകളും ഉണ്ടായിരിക്കുമെന്ന് അധികൃതർ പറഞ്ഞു.

# എച്ച്ഡിഎഫ്സി ലൈഫ് കർണാടക ബാങ്കുമായി സഹകരിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷുറർമാരിൽ ഒന്നായ എച്ച്ഡിഎഫ്സി ലൈഫും കർണാടക ബാങ്കും കോർപ്പറേറ്റ് ഏജൻസി (സിഎ) ക്രമീകരണത്തിൽ പ്രവേശിച്ചു. സംരക്ഷണം, സമ്പാദ്യം, നിക്ഷേപം, വിരമിക്കൽ, ഗുരുതര രോഗങ്ങൾ എന്നിവയ്ക്കുള്ള പരിഹാരങ്ങൾ ഉൾപ്പെടുന്ന എച്ച്ഡിഎഫ്സി ലൈഫിന്റെ വിപുലമായ ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ കർണാടക ബാങ്കിന്റെ ഈ കോർപ്പറേറ്റ് ഏജൻസി ക്രമീകരണം ഉപഭോക്താക്കളെ പ്രാപ്തരാക്കുമെന്ന് കർണാടക ബാങ്കിന്റെ എംഡിയും സിഇഒയുമായ എച്ച് ശ്രീകൃഷ്ണൻ പറഞ്ഞു.

കർണാടക ബാങ്കിന്റെ നൂറ്റാണ്ട് പഴക്കമുള്ള ബാങ്കിംഗ് അനുഭവവും ഗുണമേന്മയുള്ള ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ നൽകുന്നതിൽ എച്ച്ഡിഎഫ്സി ലൈഫിന്റെ വൈദഗ്ധ്യവും സമന്വയിപ്പിച്ചുകൊണ്ട്, സാമ്പത്തിക സുരക്ഷയും ജീവിത സംരക്ഷണവും ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് മികച്ച സേവനത്തോടൊപ്പം നിരവധി ആനുകൂല്യങ്ങളും നൽകാൻ ഈ സഹകരണം സജ്ജീകരിച്ചിരിക്കുന്നുവെന്ന് എച്ച്ഡിഎഫ്സി ലൈഫിന്റെ എംഡിയും സിഇഒയുമായ ശ്രീമതി വിഭാ പടാൽക്കർ പറഞ്ഞു.കർണാടക ബാങ്കുമായുള്ള ഈ പങ്കാളിത്തം ഇൻഷുറൻസ് ഇന്ത്യയിലേക്കുള്ള എച്ച്ഡിഎഫ്സി ലൈഫിന്റെ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമെന്നുംവിഭാ പടാൽക്കർ പറഞ്ഞു.

# ചാവറയിൽ ക്രിസ്തുമസ് കരോൾ ഗാനമത്സരവും കലാസാംസ്കാരിക സമ്മേളനവും

**കൊച്ചി** : ചാവറ കൾച്ചറൽ സെന്ററിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കരോൾഗാനമത്സരം ഇന്ന് രാവിലെ 10 മണിക്ക് ആരംഭിക്കും. കേരളത്തിലെ പ്രശസ്തരായ ക്വയർഗ്രൂപ്പുകൾ പങ്കെടുക്കുന്ന മത്സരത്തിൽ ഒന്നാം സമ്മാനം 20,000 രൂപയും രണ്ടാം സമ്മാനം 15,000 രൂപയും, മൂന്നാം സമ്മാനം 10,000 രൂപയും സമ്മാനമായി നൽകുന്നു. വൈകിട്ട് 5.15ന് ക്രിസ്തുമസ് രാവ്കലാസാംസ്കാരിക സമ്മേളനം പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്യും. സി.എം.ഐ. സഭ വികാർ ജനറാൾ ഫാ. ജോസി താമരശ്ശേരി സി.എം.ഐ. സന്ദേശം നൽകും. തുടർന്ന് കൂനമ്മാവ് ചാവറ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ അരങ്ങേറുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അറിയിച്ചു.

# ആർ 3, എം ടി03 എന്നിവ പുറത്തിറക്കി യമഹ



**ചെന്നൈ:** ഇന്ത്യ യമഹ മോട്ടോർ (ഐവൈഎം) പൈറഷവറ്റ് ലിമിറ്റഡിന്റെ ഏറെ കാത്തിരുന്ന മോഡലുകളായ ആർ3യും സ്ട്രീറ്റ് ഫൈറ്റർ എംടി03യും ഇന്ത്യയിൽ പുറത്തിറക്കുന്നു. ദി കോൾ ഓഫ് ബ്ലൂ എന്ന പ്രചാരണത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന ഈ രണ്ട് മോഡലുകളും യമഹയുടെ റേസിങ്ങ് ഡിഎൻഎയെ പ്രതിനിധീകരിച്ച് ഇന്ത്യൻ വിപണിയിൽ പ്രീമിയം മോട്ടോർ സൈക്കിൾ വിഭാഗത്തിൽ കൂടുതൽ വ്യാപകമാവുകയാണ്. മികച്ച മോട്ടോർസൈക്കിളിങ്ങ് അനുഭവവും പരമാവധി പ്രകടനവും റേസിങ്ങ് പാരമ്പര്യവുമാണ് ഉപഭോക്താക്കൾക്ക് യമഹ വാഗ്ദാനം ചെയ്യുന്നത്.

യമഹയുടെ വാഹന നിരകളിലേക്ക് പുതുതായി കടന്നെത്തിയ ഇരു മോഡലുകളും ആർ15, എംടി15 എന്നിവയുടെ യുവ ഉപഭോക്താക്കളെയാണ് ലക്ഷ്യമിടുന്നത്. പുതുപുത്തൻ ആർ 3യും എംടി03യും 321 സിസി കരുത്തുള്ള 4സ്ട്രോക്ക്, ഇൻലൈൻ 2 സിലിണ്ടർ, ഡിഒഎച്ച്സി ലിക്വിഡ് കൂൾഡ് എഞ്ചിനാണ് മുന്നോട്ട് വയ്ക്കുന്നത്. 10750 ആർപി എം പരമാവധി കരുത്തിൽ 30.9 കെ ഡബ്ലിയുവും (42 പിഎസ് ഉൽപ്പാദിപ്പിക്കുന്നത്), 9000 ആർ പിഎം പരമാവധി ടോർക്കിൽ 29.5എൻ എമ്മും (3കെജിഎം) ഉൽപ്പാദിപ്പിക്കുന്ന 4വാൽവ് പ്രതി സിലിണ്ടർ ഫ്യുവൽ ഇഞ്ചക്റ്റഡ് എഞ്ചിൻ ആണ് ഇത്. ഇതിനു പുറമേ ഇരു ബൈക്കുകളിലും ഭാരം കുറവുള്ള ഡയമണ്ട് ഫ്രെയിം, അപ്സൈഡ് ഡൗൺ ഫ്രണ്ട് ഫോർക്കുകൾ, നീളമുള്ള സ്വിങ്ങ്ആം, മോണോക്രോസ് റിയർ സസ്പെൻഷൻ, ഒന്നിൽ കൂടുതൽ പ്രവർത്തനങ്ങളുള്ള എൽസിഡി ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, എൽഇഡി ഹെഡ്ലൈറ്റും ടെയിൽ ലൈറ്റും ടേൺ സിഗ്നൽ ലൈറ്റും പോലുള്ള സവിശേഷതകളും ഉണ്ട്. വൈസെഡ് ആർഎം1 എന്ന മോട്ടോർസൈക്കിളിന്റെ ശക്തമായ ജനിതക പാരമ്പര്യമുള്ള ആർ3 ഹാർഡ്കോർ മോട്ടോർസൈക്കിളിസ്റ്റുകളെ പോലും ആവേശം കൊള്ളിക്കുന്ന തരത്തിൽ നിർമ്മിച്ചതാണ്. അതേസമയം ധീരതയും സാഹസികതയും പ്രകടിപ്പിക്കുന്ന ആർട്ട് വർക്കോടെയുള്ള എംടി03 തങ്ങളുടെ റൈഡുകളിൽ ടോർക്കും സജീവതയും ആഗ്രഹിക്കുന്നവരെ ആകർഷിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ക്യാഷ്ഫ്രീ പേയ്മെന്റിനു ആർബിഐ പേയ്മെന്റ് അഗ്രഗേറ്റർ ലൈസൻസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പേയ്മെന്റ്, എപിഐ ബാങ്കിംഗ് കമ്പനിയായ ക്യാഷ്ഫ്രീ പേയ്മെന്റ്സ് ആർബിഐയിൽ നിന്ന് പേയ്മെന്റ് അഗ്രഗേറ്റേഴ്സ് ലൈസൻസ് ലഭിക്കുന്ന ആദ്യത്തെ പേയ്മെന്റ് സേവന ദാതാക്കളിൽ ഒരാളായി മാറി. ഇന്ത്യയിലെ മുൻനിര ഓൺലൈൻ പേയ്മെന്റ് അഗ്രഗേറ്ററുകളിൽ ഒന്നായ ക്യാഷ്ഫ്രീ പേയ്മെന്റ്സ് 50% വിപണി വിഹിതമുള്ള പേഔട്ടുകൾക്കൊപ്പം ഇന്ത്യയിൽ ബൾക്ക് ഡിസ്ബർസലുകളും നയിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ വായ്പാദാതാവായ എസ്ബിഐക്കു നിക്ഷേപമുള്ള ക്യാഷ്ഫ്രീ പേയ്മെന്റ്സ്, കമ്പനിയുടെ ഉൽപ്പന്നങ്ങളെ ശക്തിപ്പെടുത്തുന്ന പ്രധാന പേയ്മെന്റുകളും ബാങ്കിംഗ് ഇൻഫ്രാസ്ട്രക്ചറും നിർമ്മിക്കുന്നതിന് എല്ലാ പ്രമുഖ ബാങ്കുകളുമായും ചേർന്ന് പ്രവർത്തിക്കുന്നു.

ഷോപ്പിഫൈ, വിക്സ്, പേപാൽ, ആമസോൺ പേ, പേയ്ടിഎം, ഗൂഗിൾ പേ തുടങ്ങിയ പ്രധാന പ്ലാറ്റ്ഫോമുകളുമായി ക്യാഷ്ഫ്രീ പേയ്മെന്റ്സ് സംയോജിപ്പിച്ചിരിക്കുന്നു. ഇന്ത്യയെ കൂടാതെ, യുഎസ്എ, കാനഡ, യുഎഇ എന്നിവയുൾപ്പെടെ മറ്റ് എട്ട് രാജ്യങ്ങളിലും ക്യാഷ്ഫ്രീ പേയ്മെന്റ്സ് ഉപയോഗിക്കുന്നു.

ആർബിഐയിൽ നിന്നുള്ള പേയ്മെന്റ് അഗ്രഗേറ്റർ (പിഎ) ലൈസൻസ് ലഭിക്കുന്നത് ക്യാഷ്ഫ്രീ പേയ്മെന്റ്സിന്റെ ഒരു സുപ്രധാന നിമിഷമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നിലവിൽ, ക്യാഷ്ഫ്രീ പേയ്മെന്റ്സ് പേയ്മെന്റ് കളക്ഷനുകൾ, പേഔട്ടുകൾ, ബൾക്ക് റീഫണ്ടുകൾ, റീഇംബേഴ്സ്മെന്റുകൾ, ലോയൽറ്റി, റിവാർഡ് ഉൽപ്പന്ന ഓഫറുകൾ എന്നിവ ഉപയോഗിച്ച് 3,00,000ത്തിലധികം ബിസിനസുകളെ സഹായിക്കുന്നു.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഐഡന്റിറ്റി വെരിഫിക്കേഷനുകൾ, എസ്ക്രോ മാനേജ്മെന്റ്, ബിഎൻപിഎൽ, ഓർക്കസ്ട്രേഷൻ പ്ലാറ്റ്ഫോം, ക്രോസ് ബോർഡർ പേയ്മെന്റുകൾ എന്നിവയിലുടനീളം ഒന്നിലധികം ഉൽപ്പന്നങ്ങൾ കമ്പനി പുറത്തിറക്കി.

# ബോട്ടുമായി കൈകോർത്ത് ആമസോണിൻെറ ക്രിസ്മസ് സ്റ്റോർ

**കൊച്ചി:** ഉപഭോക്താക്കൾക്ക് 70% വരെ കിഴിവും ഒരു ദിവസത്തിനകം വരെ ഡെലിവറിയും നൽകികൊണ്ട് ഡിസംബർ 25 വരെ ആമസോണിൻറെ ക്രിസ്മസ് സ്റ്റോർ.

ബോട്ടുമായി കൈകോർത്തുകൊണ്ടുള്ള ആമസോണിൻറെ ഈ ക്രിസ്!മസ് സ്റ്റോറിൽ പാർട്ടി എസ്സെൻഷ്യൽസ്, ഇലക്ട്രോണിക്സ്, ഫാഷൻ ആൻറ് ബ്യൂട്ടി, നിത്യോപയോഗ സാധനങ്ങൾ, ഹോം ഡെക്കർ എന്നിവയും മറ്റു ഉൽപ്പന്നങ്ങളും ലഭ്യമാണ്. ക്രിസ്!മസ് അലങ്കാരങ്ങൾ, ഫെസ്റ്റീവ് ട്രീറ്റുകൾ, കുക്കിംഗ് സപ്ലൈകൾ, ഗ്രൂമിംഗ് ഉൽപ്പന്നങ്ങൾ, ഹാൻഡ്ബാഗുകൾ, ഫ്രാഗ്രൻസുകൾ, വാച്ചുകൾ, വസ്ത്രങ്ങൾ, സംഗീതോപകരണങ്ങൾ, ക്യാമറകൾ, സ്മാർട്ട്ഫോണുകൾ, പാദരക്ഷകൾ, ബോർഡ് ഗെയിമുകൾ, അസ്സോർട്ടഡ് ചോക്ലേറ്റുകൾ തുടങ്ങി ലക്ഷക്കണക്കിന് ഉൽപ്പന്നങ്ങളിൽ നിന്ന് ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാം.

ഫെറേറോ, കോംഫി ഹോം, പ്യുവർ ബേക്ക്, സാംസങ്, വൺപ്ലസ്, ലാക്മെ, കെൻറ്, വാൻ ഹ്യൂസെൻ, വെറോ മോഡ, മാഡെം മുതലായ ബ്രാൻഡുകളിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങളുടെ വിപുലമായ ഡീലുകളും ഓഫറുകളും ലഭിക്കും.



## ക്രിസ്മസ് ആഘോഷം സേവനത്തിന്റെ നൻമ ചാലിച്ച് മനോഹരമാക്കി ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ

**കൊച്ചി:** ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി അങ്കണവാടി മനോഹരമാക്കി തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ. ആഘോഷം അർത്ഥവത്താകുന്നത് സേവനം ഇഴ ചേരുമ്പോഴാണെന്ന മാതൃകാപരമായ സന്ദേശമാണ് കുട്ടികൾ പ്രവൃത്തിയിലൂടെ വ്യക്തമാക്കിയത്.മുളന്തുരുത്തി പഞ്ചായത്തിലെ വള്ളക്കുരിശ് പതിനാറാം വാർഡിലെ നമ്പർ 28 അങ്കണവാടിയുടെ ഭിത്തികളാണ് ചായം പൂശിയും മനോഹര ചിത്രങ്ങൾ വരഞ്ഞും വർണ്ണാഭ സുന്ദരമാക്കിയത്. സ്കൂളിലെ കിഡ്സ് ഫോർ കൊച്ചി കൂട്ടായ്മയുടെ ഭാഗമായ 12 കുട്ടികൾ ചേർന്നാണ് വേറിട്ട നിലയിൽ ക്രിസ്മസ് ആഘോഷം ഒരുക്കിയത്.വാർഡ് മെമ്പറും പഞ്ചായത്ത് വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സണുമായ ബിനി ഷാജി ഉദ്ഘാടനം നിർവ്വഹിച്ചു. അങ്കണവാടി അദ്ധ്യാപിക അംബിക, ജിപിഎസ് അദ്ധ്യാപകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## അമേരിക്കൻ എക്സ്പ്രസ് ശൃംഖല: ആക്സിസ് ബാങ്ക് പ്രിവിലേജ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി

**കൊച്ചി:** അമേരിക്കൻ എക്സ്പ്രസ് ശൃംഖലയുടെ നേട്ടങ്ങൾ പ്രാദേശിക, ആഗോള തലങ്ങളിൽ ആക്സിസ് ബാങ്ക് ഉപഭോക്താക്കൾക്കു ലഭ്യമാക്കാൻ വഴി തുറന്ന് അമേരിക്കൻ എക്സ്പ്രസ് ശൃംഖലയിലുള്ള ആക്സിസ് ബാങ്ക് പ്രിവിലേജ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. 5000 രൂപ വരുന്ന ആക്ടിവേഷൻ ആനുകൂല്യങ്ങൾ, ഓരോ ത്രൈമാസത്തിലും ആഭ്യന്തര ലോഞ്ചുകളിൽ രണ്ടു വീതം പ്രവേശനം, സ്വിഗ്ഗി, ബ്ലിങ്കിറ്റ്, സൊമാറ്റോ തുടങ്ങിയവയിൽ തൽക്ഷണ ഡിസ്കൗണ്ട് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ ലഭ്യമാകും. പ്രീമിയം വിഭാഗത്തിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇതിലൂടെ കാണാനാവുന്നതെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ്സ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഘെ പറഞ്ഞു.

## സപ്ലൈകോ ക്രിസ്തുമസ് പുതുവത്സര ഫെയർ 30 വരെ

**കൊച്ചി:** സപ്ലൈകോ ക്രിസ്തുമസ് പുതുവത്സര ഫെയർ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ ഡിസംബർ 30 വരെ സംഘടിപ്പിക്കും. ഫെയറിന്റെ ഉദ്ഘാടനവും ആദ്യ വില്പനയും ടി ജെ വിനോദ് എംഎൽഎ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് അധ്യക്ഷനായിരുന്നു. നഗരസഭ കൗൺസിലർ പത്മജാ എസ് മേനോൻ, രാഷ്ട്രീയ കക്ഷി നേതാവായ കെ എസ് ഷൈജു എന്നിവർ ആശംസകൾ അർപ്പിച്ചു.

ജില്ലാ സപ്ലൈ ഓഫീസർ ടി സഹീർ, സപ്ലൈകോ എറണാകുളം മേഖല മാനേജർ ജോസഫ് ജോർജ്, കൊച്ചി ഡിപ്പോ ജൂനിയർ മാനേജർ എസ് ബിജു തുടങ്ങിയവർ സംസാരിച്ചു. രാവിലെ 10 മുതൽ വൈകിട്ട് 8 വരെയാണ് ഫെയർ. ഡിസംബർ 25 ന് ഫെയർ പ്രവർത്തിക്കില്ല.

## ജില്ലാ വികസന സമിതി യോഗം മാറ്റിവച്ചു

**കൊച്ചി:** ഡിസംബർ 30 ന് രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ജില്ലാ വികസന സമിതി യോഗം മാറ്റിവച്ചു.

# നഗരാസൂത്രണത്തിലും രൂപകൽപ്പനയിലും മികവിന്റെ കേന്ദ്രമായി എൻഐടി കാലിക്കറ്റ്

**കോഴിക്കോട്:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് (എൻഐടിസി) ഇനി മുതൽ നഗരാസൂത്രണത്തിന്റെയും രൂപകൽപനയുടെയും മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കും. കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയമാണ് ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യത്തെ മികവിന്റെ കേന്ദ്രമായി എൻ ഐ ടി സി യെ തിരഞ്ഞെടുത്തത്. സ്ഥാപനത്തിന്റെ ചരിത്രത്തിൽ സുപ്രധാന നാഴികക്കല്ലായേക്കാവുന്ന അഭിമാനകരമായ അംഗീകാരമാണിത്.

കഴിഞ്ഞ മൂന്ന് വർഷമായി തുടർച്ചയായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (എൻഐആർഎഫ്) രണ്ടാം സ്ഥാനം കരസ്ഥമാക്കി മികവ് പ്രകടിപ്പിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് (ഡിഎപി) ന്റെ നേതൃത്വത്തിൽ സമർപ്പിച്ച സമഗ്രമായ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിലാണ് എൻ ഐ ടി സി യെ മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്തത്.

ശാസ്ത്രസാങ്കേതികവിദ്യാധിഷ്ഠിതമായ വിവിധ സംരംഭങ്ങൾക്കായി പരിശ്രമിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശ്രമങ്ങൾ ഫലപ്രാപ്തി നേടിയ അവസരമാണിതെന്നും ഓരോ ശ്രമങ്ങളിലൂടെയും സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാനും ഉത്തരവാദിത്തങ്ങൾ പൂർണമായി നിറവേറ്റാനും തങ്ങൾ ശ്രമിക്കുകയാണെന്നും എൻ ഐ ടി സി ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ പറഞ്ഞു.

മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ട ഓരോ സ്ഥാപനത്തിനും ഭവന, നഗരകാര്യ മന്ത്രാലയം 250 കോടി രൂപ എൻഡോവ്മെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 202223 ലെ കേന്ദ്ര ബജറ്റിന്റെ അവതരണ വേളയിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത്.

നഗരാസൂത്രണത്തിലും രൂപകല്പനയിലും മികവ് വർദ്ധിപ്പിക്കാനും കൺസൾട്ടൻസി, ആധുനിക സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള നിർമാണ ശൈലി പരിപോഷിപ്പിക്കാനും ലക്ഷ്യമിട്ടുള്ള മൾട്ടി, ട്രാൻസ് ഡിസിപ്ലിനറി പഠനത്തിനും ഗവേഷണത്തിനുമുള്ള ഒരു പ്ലാറ്റ്ഫോമായാണ് എൻഐടി കാലിക്കറ്റിലെ മികവിന്റെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. മെച്ചപ്പെട്ട ജീവിത നിലവാരം, നഗര സൗന്ദര്യം, സാമ്പത്തിക അവസരങ്ങൾ എന്നിവയുള്ള നഗരപ്രദേശങ്ങൾ സൃഷ്ടിക്കുന്നതിന് സംഭാവന നൽകുക, ദേശീയ വളർച്ചയ്ക്ക് ഉത്തേജകമായി പ്രവർത്തിക്കുക എന്നിവയാണ് ലക്ഷ്യം.

പ്രശസ്ത നഗരാസൂത്രകൻ കൂടിയായ എൻഐടി കോഴിക്കോട് ആർക്കിടെക്ചർ ആൻഡ് പ്ലാനിങ് വിഭാഗം പ്രൊഫസർ ഡോ. പി. പി. അനിൽകുമാറിന്റെ നേതൃത്വത്തിലാണ് എൻ.ഐ.ടി.സി യിലെ മികവിന്റെ കേന്ദ്രം നിലവിൽ വരുന്നത്. വിദഗ്ധർ, കൺസൾട്ടന്റുകൾ, റിസർച്ച് അസോസിയേറ്റ്സ്, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് എന്നിവരടങ്ങുന്ന ഒരു സംഘം കേന്ദ്രത്തെ പിന്തുണയ്ക്കും.

വിവിധ നഗരവികസന പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച് നഗര തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും സന്ദർഭാധിഷ്ഠിതവും സമർത്ഥവും സുസ്ഥിരവുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും നൽകുന്നതിനും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും നഗരങ്ങളിലെ നഗരാസൂത്രണ പ്രൊഫഷണലുകളുടെ കാഡറുകൾക്ക് അത്യാധുനിക പരിശീലനം നൽകുന്നതിനും മികവിന്റെ കേന്ദ്രം അവസരമൊരുക്കുമെന്ന് പദ്ധതിയുടെ ടീം ലീഡറായ ഡോ. പി. പി. അനിൽകുമാർ പറഞ്ഞു.

ഇതോടുകൂടി നഗരവികസനത്തിൽ ദേശീയ നയങ്ങൾ രൂപീകരിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും 8 വർഷം മുമ്പ് മാത്രം ആരംഭിച്ച നഗരാസൂത്രണ വകുപ്പിനെ സംബന്ധിച്ച് ഇത് ഒരു സുപ്രധാന നേട്ടമാണെന്നും, ഡോ. അനിൽകുമാർ കൂട്ടിച്ചേർത്തു.




# വികസിത് ഭാരത് സങ്കൽപ്പ് യാത്ര തൃശൂർ ജില്ലയിലെ കോലഴി ഗ്രാമ പഞ്ചായത്തിൽ

**തൃശൂർ** :കേന്ദ്ര ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനുദ്ദേശിച്ച് നടത്തുന്ന വികസിത് ഭാരത് സങ്കൽപ് യാത്ര തൃശൂർ ജില്ലയിൽ പുഴയ്ക്കൽ ബ്ലോക്കിലെ കോലഴി ഗ്രാമ പഞ്ചായത്തിൽ പര്യടനം നടത്തി.

പോട്ടോർ അമ്പല മൈതാനത്ത് നടന്ന പരിപാടിയുടെ ഉദ്ഘാടനം ലീഡ് ബാങ്ക് സീനിയർ മാനേജർ പ്രവീൺകുമാർ നിർവഹിച്ചു.

വിവിധ കേന്ദ്ര പദ്ധതികളിൽ അംഗമായി വിജയകരമായ സംരംഭങ്ങൾ നടത്തുന്ന ഗുണഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു. ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. പരിപാടിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യം, മെഡിക്കൽ ക്യാമ്പ് എന്നിവ ഒരുക്കിയിരുന്നു.

തൃശൂർ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ കൃഷ്ണമോഹൻ കെ.എം. അധ്യക്ഷത വഹിച്ച യോഗത്തിൽ, മണ്ണുത്തി കൃഷി വിജ്ഞാൻ കേന്ദ്ര സയന്റിഫിക് ഓഫീസർ മനോജ് എം. കെ, കേരള ഗ്രാമീൺ ബാങ്ക് സീനിയർ മാനേജർ ജി.വിനോദ്, ആഘ ആജ കൺവീനർ ഗിരീഷ് കൃഷ്ണൻ എന്നിവർ സംസാരിച്ചു.

തൃശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, തോളൂർ ഗ്രാമ പഞ്ചായത്തുകളിലാണ് വികസിത് ഭാരത് സങ്കൽപ്പ് യാത്ര ഇന്ന് പര്യടനം നടത്തുന്നത്.




# എൻഐടി കാലിക്കറ്റ് സെൻട്രൽ ഫ്ലോറിഡ സർവകലാശാലയുമായി കൈകോർക്കുന്നു

**കോഴിക്കോട്:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റും (എൻഐടിസി) യൂണിവേഴ്സിറ്റി ഓഫ് സെൻട്രൽ ഫ്ലോറിഡ (യുസിഎഫ്) ബോർഡ് ഓഫ് ട്രസ്റ്റീസും വിദ്യാഭ്യാസം, ശാസ്ത്ര ഗവേഷണം എന്നീ മേഖലകളിൽ സഹകരണം വളർത്തിയെടുക്കുന്നതിനായി കൈകോർക്കും.

യുസിഎഫും എൻഐടിസിയും തമ്മിലുള്ള സഹകരണം വിദ്യാഭ്യാസവും ഗവേഷണവും അടുത്ത തലങ്ങളിലെത്തിക്കുന്നതിനും ആഗോള വെല്ലുവിളികളെ ഒറ്റക്കെട്ടായി അഭിമുഖീകരിക്കുന്നതിനും വഴിയൊരുക്കും. ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വൈദഗ്ധ്യത്തിന്റെയും വിഭവങ്ങളുടെയും കൈമാറ്റം വഴി അടിസ്ഥാന ഗവേഷണത്തിന് അനുകൂലമായ അന്തരീക്ഷം സംജാതമാവുകയും അതുവഴി സുസ്ഥിരമായ പരിഹാരവും അക്കാദമിക പുരോഗതിയും സാധ്യമാവുകയും ചെയ്യും.

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഗവേഷണ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് സഹകരണം സഹായിക്കുമെന്ന് എൻഐടി കാലിക്കറ്റ് ഡയറക്ടർ പ്രൊഫസർ പ്രസാദ് കൃഷ്ണ പറഞ്ഞു. ഗവേഷക വിദ്യാർത്ഥികളെ സംയുക്ത ഗവേഷണങ്ങളിൽ ഭാഗഭാക്കാക്കുന്ന തരത്തിലുള്ള പദ്ധതികൾ ഉപരിപഠന ഗവേഷണ മേഖലകൾക്ക് ഗുണപ്രദമാകുമെന്നും യുസിഎഫിൽ ലഭ്യമായ സൗകര്യങ്ങളും വൈദഗ്ധ്യവും ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

ആഗോള ജൈവ ഇന്ധന സഖ്യം എന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിനനുസൃതമായും , ദേശീയ ഹരിത സൗരോർജ പദ്ധതി, ദേശീയ ഹരിത ഹൈഡ്രജൻ പദ്ധതി എന്നിവയുമായി ചേർന്നും പ്രവർത്തിക്കാൻ ഈ സഹകരണം സഹായിക്കുമെന്ന് പ്രൊഫ. പ്രസാദ് കൃഷ്ണ അഭിപ്രായപ്പെട്ടു.

എൻഐടിസിയുടെ 1985 ബാച്ചിലെ പൂർവവിദ്യാർഥികൾ ഇൻടെക്സോൾ എന്ന പേരിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത നോൺ പ്രോഫിറ്റ് ഓർഗനൈസേഷന്റെ ശ്രമങ്ങളെ തുടർന്നാണ് ഈ സഹകരണം യാഥാർഥ്യമായത്. യുസിഎഫും എൻ ഐ ടി സി യും ഒരു ധാരണാപത്രത്തിലൂടെ തങ്ങളുടെ ബന്ധം മെച്ചപ്പെടുത്തും.

രാജ്യത്തിന്റെ സുസ്ഥിര വികസനത്തിന് പ്രകൃതിയെ അറിയുകയും പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ് എന്നും അതിൽ എഞ്ചിനീയർമാർക്കും ശാസ്ത്രജ്ഞർക്കും നിർണായക പങ്ക് വഹിക്കാനാവുമെന്നും യുസിഎഫിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് ടർബോമാഷിനറി ആൻഡ് എനർജി റിസർച്ചിന്റെ ഡയറക്ടറും പെഗാസസ് പ്രൊഫസറുമായ പ്രൊഫ. ജയന്ത കാപട്ട് പറഞ്ഞു.

ഊർജ്ജവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എൻജിനീയറിങ്, സയൻസ്, മാനേജ്മെന്റ് കോളേജുകളുടെ സഹകരണത്തോടെയുള്ള ശ്രമങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു മൾട്ടി ഡിസിപ്ലിനറി വിദ്യാഭ്യാസ സ്ഥാപനമായ എൻഐടി കാലിക്കറ്റിന് ഊർജ്ജവുമായി ബന്ധപ്പെട്ട ഗവേഷണത്തിൽ കാര്യമായ പങ്ക് വഹിക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉയർന്ന ജീവിത നിലവാരമുള്ള രാജ്യങ്ങളിൽ കാർബൺ ഡയോക്സിഡിന്റെ തോത് കൂടുതലായതിനാൽ അതുയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതും അതു വഴി സങ്കീർണ്ണമായ സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതും ശ്രമകരമായ കാര്യമാണെന്നും അദ്ദേഹം സൂചിപ്പിച്ചു. ഈ പ്രത്യേക പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിന് ശക്തമായ നടപടികൾ ആവിഷ്ക്കരിക്കേണ്ടതാണെന്നും അദ്ദേഹം ഊന്നി പറഞ്ഞു.

കോഴിക്കോട് എൻഐടിയിലെ അധ്യാപകരുമായും വിദ്യാർത്ഥികളുമായും അദ്ദേഹം സംവദിക്കുകയും പോസ്റ്റ്ഡോക്ടറൽ പ്രോഗ്രാമുകളെക്കുറിച്ചും ഇരു സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന മറ്റ് അക്കാദമിക് സംരംഭങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു.

സെന്റർ ഫോർ ഇന്റർനാഷണൽ റിലേഷൻസ് ചെയർപേഴ്സൺ പ്രൊഫ. എം കെ രവി വർമ്മ, എൻ ഐ ടി സി 85 ബാച്ചിന്റെ (ഇന്റക്സോൾ) പ്രതിനിധിയും എൻഐടിസിയിലെ പൂർവ വിദ്യാർത്ഥി സംഘടനയുടെ സെക്രട്ടറിയുമായ ശ്രീ സുനിൽ കുമാർ, 85 ബാച്ചിന്റെ പ്രതിനിധി (ഇന്റക്സോൾ) ശ്രീ. ജയരാമൻ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം പ്രൊഫസർ ഡോ.സതീദേവി പി എസ്, പരിപാടിയുടെ കോഓർഡിനേറ്റർമാരായ ഡോ.എം.യോഗേഷ് കുമാർ, ഡോ.രഘു സി.വി എന്നിവർ സംസാരിച്ചു.

# പട്ടികജാതി യുവതീ യുവാക്കൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനം

**കൊച്ചി:** ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ആലുവ ജില്ലാ ആശുപത്രി, കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രി, പുല്ലേപ്പടി ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലും ബി എസ് സി നേഴ്സിംഗ്, ജനറൽ നേഴ്സിംഗ്, പാരാമെഡിക്കൽ, പോളിടെക്നിക്, ഐടിഐ യോഗ്യതയുള്ള പട്ടികജാതി യുവതി യുവാക്കളെ ഒരു വർഷത്തേക്ക് പരിശീലനത്തിനായി നിയോഗിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 18 നും 40 നും മദ്ധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ അതാത് ഗ്രാമ പഞ്ചായത്ത് എസ് സി പ്രൊമോട്ടർമാരുമായോ ജില്ലാ/ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായോ ബന്ധപ്പെടുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 30.12.2023. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 0484 2952256.

# ദേശീയ ആരോഗ്യദൗത്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ജില്ലാ എക്സിക്യൂട്ടീവ് യോഗം ചേർന്നു

**കൊച്ചി:** ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിർമാണപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണം. ദേശീയ ആരോഗ്യദൗത്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിലാണ് തീരുമാനം.

ജില്ലയിൽ 15 ആരോഗ്യസ്ഥാപനങ്ങളാണ് നാഷണൽ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് അക്രഡിറ്റേഷൻ നേടിയിട്ടുള്ളത്. കൂടുതൽ സ്ഥാപനങ്ങൾക്ക് സ്റ്റാൻഡേർഡ് അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് യോഗം വിലയിരുത്തി.

ഗുണനിലവാരമുള്ള ആരോഗ്യസേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ ചേർന്ന യോഗത്തിൽ ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി.രോഹിണി റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന, ജില്ലാ പ്ലാനിംഗ് ഓഫീസർ പി. എ. ഫാത്തിമ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ദേശീയ സരസ് മേളയ്ക്ക് വർണ്ണ ശബളമായ വിളംബരജാഥയോടെ തുടക്കം

**കൊച്ചി:** ദേശീയ ഗ്രാമീണ ഉപജീവന മിഷനും സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയ്ക്ക് വർണ്ണ ശബളമായ വിളംബരജാഥയോടെ തുടക്കം. കലൂർ മണപ്പാട്ടി പറമ്പിൽ നിന്നും ആരംഭിച്ച വിളംബര ജാഥയിൽ നൂറിലധികം പ്രാദേശിക കലാകാരന്മാരും കുടുംബശ്രീ അംഗങ്ങളും പങ്കെടുത്തു.

സരസ് മേളയുടെ പ്രചാരണാർത്ഥം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സഞ്ചരിച്ചു വന്ന ദീപശിഖ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററും ജനറൽ കൺവീനറുമായ റ്റി.എം റെജീന ദേശീയ സരസ് മേളയുടെ പ്രധാന വേദിയിൽ എത്തിച്ചു. വിളംബര ഘോഷയാത്രയിൽ തെയ്യം,പടയണി, പൂക്കാവടി, കുടുംബശ്രീ പദ്ധതികളുടെ ഫ്ലോട്ടുകൾ,രാമംഗലം സി ഡി എസിന്റെ മിന്നൽ സേന, ധീരം കരാട്ടെ സംഘത്തിന്റെ പ്രകടനം എന്നിവ അണിനിരന്നു.

ജില്ലയിലെ 101 സി ഡി എസ് ഗ്രൂപ്പുകളിലെ മുന്നൂറിലധികം അംഗങ്ങൾ പങ്കെടുത്ത വിളംബര ജാഥയിലൂടെ കുടുംബശ്രീ പ്രവർത്തകരുടെ ഒത്തൊരുമയ്ക്ക് നഗരം സാക്ഷ്യം വഹിച്ചു.

ആദ്യമായാണ് ജില്ലയിൽ സരസ് മേള സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പരമ്പരാഗത ഉൽപ്പന്ന പ്രദർശനവും ഓരോ സംസ്ഥാനത്തെയും വ്യത്യസ്ത രുചി വിഭവങ്ങളും കലാസന്ധ്യയും സെമിനാറുകളുമാണ് കുടുംബശ്രീ കൊച്ചി ദേശീയ സരസ് മേള 23ൽ ഒരുക്കിയിരിക്കുന്നത്. മേളയുടെ ഒന്നാം ദിനത്തിൽ രംഗശ്രീ കലാ ടീം അവതരിപ്പിച്ച ലിംഗ അധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയുള്ള നൃത്തശില്പം ആസ്വാദക മനം കവർന്നു.

ഡിസംബർ 21 മുതൽ ജനുവരി ഒന്നു വരെ കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിലാണ് സരസ് വിപണന പ്രദർശന മേള നടക്കുന്നത്.

# ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ അസിസ്റ്റൻസ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ അസിസ്റ്റൻസ് കോഴ്സിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

പന്ത്രണ്ടാം ക്ലാസ് ആണ് യോഗ്യത. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തപ്പെടുന്ന ഈ കോഴ്സിന് ഒരു വർഷമാണ് കാലാവധി. സ്വയംപഠന സാമഗ്രികൾ, സമ്പർക്ക ക്ലാസ്സുകൾ, പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ കോഴ്സിൽ ചേരുന്നവർക്ക് ലഭിക്കും https://apps.srccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും.

വിശദവിവരങ്ങൾ ००००.ൃരരര.ശി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ജില്ലയിലെ പഠന കേന്ദ്രം മംഗലത്ത് ആശ്രമം യോഗ വിദ്യാ ഗുരുകുലം, പ്രിയദർശിനി നഗർ, തേവര 682013, ഫോൺ 9633058727.

# ക്യാപ്റ്റൻ മില്ലർ ;കേരളാ വിതരണാവകാശം ഫോർച്ച്യൂൺ സിനിമാസിന്

ധനുഷ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ക്യാപ്റ്റൻ മില്ലർ എന്ന ചിത്രത്തിന്റെ കേരളാ വിതരണാവകാശം ഫോർച്ച്യുൺ ഫിലിംസ് ഏറ്റെടുത്തതായി സത്യജ്യോതി ഫിലിംസ് ഔദ്യോഗികമായി അറിയിച്ചു.റെക്കോർഡ് തുകയ്ക്കാണ് ചിത്രത്തിന്റെ വിതരണാവകാശം ഫോർച്ച്യൂൺ സിനിമാസ് സ്വന്തമാക്കിയത്.പൊങ്കൽ റിലീസായയാണ് ചിത്രം തിയേറ്ററിലെത്തുന്നത്.സിനിമയുടെ ലോഞ്ച് സമയം മുതൽ, ധനുഷ് നായകനായ ക്യാപ്റ്റൻ മില്ലർ പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. സത്യജ്യോതി ഫിലിംസിന്റെ നിർമ്മാണത്തിൽ അരുൺ മാതേശ്വരൻ ആണ് ചിത്രത്തിന്റെ സംവിധാനം.

ക്യാപ്റ്റൻ മില്ലറിന്റെ ട്രയ്ലർ ഉടൻ പ്രേക്ഷകരിലേക്കെത്തും . സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനും ചേർന്ന് നിർമ്മിക്കുന്ന ചിത്രം സത്യജ്യോതി ഫിലിംസിന്റെ ബാനറിൽ ടി ജി ത്യാഗരാജനാണ് അവതരിപ്പിക്കുന്നത്. പ്രിയങ്ക അരുൾ മോഹൻ നായികയായി അഭിനയിക്കുന്നു, ഡോ. ശിവരാജ്കുമാർ, സന്ദീപ് കിഷൻ തുടങ്ങിയ വാഗ്ദാനങ്ങളുള്ള പവർഹൗസ് പ്രതിഭാധനരായ സൂപ്പർതാരങ്ങളും മറ്റ് നിരവധി പ്രമുഖ അഭിനേതാക്കളും ഈ താരനിരയിൽ ഉൾപ്പെടുന്നു.ക്യാപ്




റ്റൻ മില്ലറിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ചിത്രത്തിന്റെ രചനയും സംവിധാനവും: അരുൺ മാതേശ്വരൻ, നിർമ്മാണം: സെന്തിൽ ത്യാഗരാജൻ & അർജുൻ ത്യാഗരാജൻ,സംഗീതം: ജി വി പ്രകാശ്,ഛഹജ: സിദ്ധാർത്ഥ നുനി എഡിറ്റർ: നാഗൂരാൻ,കലാസംവിധാനം: ടി.രാമലിംഗം,വസ്ത്രാലങ്കാരം: പൂർണിമ രാമസാമി & കാവ്യ ശ്രീറാം,സ്റ്റണ്ട്: ദിലീപ് സുബ്ബരായൻ,പബ്ലിസിറ്റി ഡിസൈനർ: ട്യൂണി ജോൺ (24അങ),വരികൾ: വിവേക്, അരുൺരാജ കാമരാജ്, ഉമാദേവി, കാബർ വാസുകി, വിഎഫ്എക്സ് സൂപ്പർവൈസർ: മോനേഷ് എച്ച്,നൃത്തസംവിധാനം: ഭാസ്കർ,ശബ്ദമിശ്രണം: എം ആർ രാജകൃഷ്ണൻ,പിആർഓ : പ്രതീഷ് ശേഖർ.




# മറിമായം ടീം പഞ്ചായത്ത് ജെട്ടിയിൽ

സമകാലിക സംഭവങ്ങളെ വിശകലനം ചെയ്ത് തനതായ ശൈലിയിൽ നർമ്മത്തോടെ വിലയിരുത്തി അവതരിപ്പിച്ച് കൊണ്ട് വർഷങ്ങളായി പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ മറിമായം പരമ്പരയിലെ എല്ലാ താരങ്ങളും അഭിനയിക്കുന്ന ചിത്രമാണ് പഞ്ചായത്ത് ജെട്ടി .സപ്തത രംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഇൻ അസോസിയേഷൻ വിത്ത് ഗോവിന്ദ് ഫിലിംസിന്റെ ബാനറിൽ മറിമായം താരങ്ങളായ മണികണ്ഠൻ പട്ടാമ്പി,

സലിം ഹസ്സൻ എന്നിവർ ചേർന്ന് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പഞ്ചായത്ത് ജെട്ടിയുടെ പൂജ, സ്വിച്ചോൺ കർമ്മം, എറണാകുളം ഐ എം ഹാളിൽ വെച്ച് നിർവ്വഹിച്ചു.സംവിധായകൻ സത്യൻ അന്തിക്കാട് ഭദ്രദീപത്തിലെ ആദ്യ തിരി തെളിയിച്ചു.തുടർന്ന് സത്യൻ അന്തിക്കാട് പഞ്ചായത്ത് ജെട്ടിയുടെ സ്വിച്ചോൺ കർമ്മം നിർവഹിച്ചപ്പോൾ നടനും സംവിധായകനുമായ നാദിർഷ ആദ്യ ക്ലാപ്പടിച്ചു.മണികണ്ഠൻ പട്ടാമ്പി, സലിം ഹസ്സൻ,നിയാസ് ബക്കർ,വിനോദ് കോവൂർ,ഉണ്ണിരാജ്, മണി ഷൊർണൂർ, റിയാസ് നർമ്മക്കല,രാഘവൻ, സജിൻ,സെന്തിൽ, അരുൺ പുനലൂർ, ആദിനാട് ശശി,ഉണ്ണി നായർ,രചന നാരായണൻകുട്ടി, സ്നേഹശ്രീകുമാർ, വീണാ നായർ,രശ്മി അനിൽ,കുളപ്പുള്ളി ലീല,സേതുലക്ഷ്മിയമ്മ,ഷൈനി സാറ,പൗളി വിത്സൻ കൂടാതെ അമ്പതിലധികം നടീനടന്മാരും പഞ്ചായത്ത് ജെട്ടി യിൽ അഭിനയിക്കുന്നു.ക്രിഷ് കൈമൾ ഛായാഗ്രഹണം നിർവഹിക്കുന്നു.സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു.എഡിറ്റിംഗ് ശ്യാം ശശീധരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർപ്രേം പെപ്കോ,ബാലൻ കെ മങ്ങാട്ട്,പ്രൊഡക്ഷൻ കൺട്രോളർബാബുരാജ് മനിശ്ശേരി,ആർട്ട്സാബുമോഹൻ,മേക്കപ്പ്ഹസ്സൻ വണ്ടൂർ,കോസ്റ്റ്യൂം ഡിസൈനർഅരുൺ മനോഹർ,സ്റ്റിൽസ്സലീഷ് പെരിങ്ങോട്ടുകര, പരസ്യക്കലയെല്ലോ ടൂത്ത്സ്,സൗണ്ട് ഡിസൈൻഅരുൺ വർമ്മ,ചീഫ് അസോസിയേറ്റ് ഡയറക്ടർരാജേഷ് അടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്പ്രഭാകരൻ കാസർക്കോട്, പ്രൊഡക്ഷൻ മാനേജർ അതുൽ.എറണാകുളം, ചെറായി പരിസരങ്ങളിലുമായി പഞ്ചായത്ത് ജെട്ടിയുമായി ചിത്രീകരണം പുരോഗമിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.




# ടോബി സോണി ലൈവിൽ

കന്നഡ താരം രാജ് ബി ഷെട്ടി നായകനായെത്തിയ ടോബി പ്രേക്ഷക പ്രശംസയും നിരൂപക പ്രീതിയും നേടിയ ചിത്രം ഇന്നു മുതൽ സോണി ലൈവിൽ പ്രദർശിപ്പിക്കും. കേരളത്തിലും പ്രദർശന വിജയം കരസ്ഥമാക്കിയ ടോബിയുടെ സംവിധായകൻ മലയാളികൂടിയായ ബാസിൽ എ എൽ ചാലക്കൽ ആണ്.

രാജ് ബി ഷെട്ടി, ചൈത്ര ജെ ആചാർ, സംയുക്ത ഹൊറനാട്, രാജ് ദീപക് ഷെട്ടി, ഗോപാലകൃഷ്ണ ദേശ്പാണ്ഡെ എന്നിവരാണ് ചിത്രത്തിലെ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നത്. ലൈറ്റർ ബുദ്ധ ഫിലിംസ്  അഗസ്ത്യ ഫിലിംസ്  കോഫി ഗാംഗ് ബാനറിൽ ഒരുങ്ങിയ ചിത്രം ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ് കേരളത്തിൽ വിതരണം ചെയ്തത് . രവി റായ് കലസ, ലൈറ്റർ ബുദ്ധാ ഫിലിംസ്, കോഫി ഗാങ് സ്റ്റുഡിയോസ്, ബാലകൃഷ്ണ അർവാങ്കർ എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. ടോബിയുടെ ഛായാഗ്രഹണവും എഡിറ്റിംഗ് പ്രവീൺ ശ്രിയാനും നിതിൻ ഷെട്ടിയും നിർവ്വഹിക്കുന്നു. പ്രൊഡക്ഷൻ ഡിസൈൻ അർഷാദ് നക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, സൗണ്ട് ഡിസൈൻ സിങ്ക് സിനിമ, 5.1 മിക്സ് അരവിന്ദ് മേനോൻ, ആക്ഷൻ രാജശേഖരൻ, അർജുൻ രാജ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഷാമിൽ ബങ്ങേര,ഡബ്ബിങ് കോഓർഡിനേറ്റർ സതീഷ് മുതുകുളം, പി ആർ ഓ പ്രതീഷ് ശേഖർ.

# റേച്ചൽ ചിത്രീകരണം പൂർത്തിയായി

ഹണി റോസിനെ കേന്ദ്ര കഥാപാത്രമാക്കി സംവിധായകൻ എബ്രിഡ് ഷൈൻ അവതരിപ്പിക്കുന്ന റേച്ചൽഎന്ന് ചിത്രത്തിന്റെ ചിത്രീകരണം നെല്ലിയാമ്പതിൽ പൂർത്തിയായി.ആനന്ദിനി ബാല സംവിധാനം ചെയ്യുന്ന  ഈ ചിത്രത്തിൽബാബുരാജ്, കലാഭവൻ ഷാജോൺ റോഷൻ, ചന്തു സലീംകുമാർ,ദിനേശ് പ്രഭാകർ,ബൈജു എഴുപുന്ന,വന്ദിത,പൗളി വത്സൻരാധിക തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ബാദുഷ പ്രൊഡക്ഷൻസ്, പെൻ ആന്റ് പേപ്പർ ക്രിയേഷൻസ് എന്നീ ബാനറിൽ ബാദുഷ എൻ എം,ഷിനോയ് മാത്യു,എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന റേച്ചലി ന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ് നിർവ്വഹിക്കുന്നു.രാഹുൽ മണപ്പാട്ട്, എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ,നീതു ഷിനോയ്,കോ പ്രൊഡ്യൂസർ ഹന്നൻ മറമുട്ടം,ലൈൻ പ്രൊഡ്യൂസർപ്രിജിൻ ജി പി, പ്രൊജക്ട് കോ ഓർഡിനേറ്റർപ്രിയദർശിനി പി എം,കഥരാഹുൽ മണപ്പാട്ട്,സംഗീതം,ബിജിഎംഅങ്കിത്മേനോൻ,എഡിറ്റർ മനോജ്, പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി മേനോൻ,പ്രൊഡക്ഷൻ ഡിസൈനർസുജിത് രാഘവ്, ആർട്ട്സ്നേഷ് കണ്ണാടികുഴി,മേക്കപ്പ്രതീഷ് വിജയൻ, കോസ്റ്റൂംസ്ജാക്കി,സ്റ്റിൽസ് നിദാദ് കെ.എൻ,പരസ്യക്കലടെൻ പോയിന്റ്,പ്രമോഷൻ സ്റ്റിൽസ്വിഷ്ണു ഷാജി, ചീഫ് അസോസിയേറ്റ് ഡയറക്ടർ രതീഷ് പാലോട്, ഫിനാൻസ് കൺട്രോളർഷിജോ ഡൊമനിക്,ആക്ഷൻപിസി സ്റ്റണ്ട്സ്,സൗണ്ട് ഡിസൈൻശ്രീശങ്കർ,സൗണ്ട് മിക്സ്രാജാകൃഷ്ണൻ എം ആർ,ഡിജിറ്റൽ മാർക്കറ്റിംഗ്മാറ്റിനി ലൈവ്, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്സക്കീർ ഹുസൈൻ,പി ആർ ഒഎ എസ് ദിനേശ്.



# കോന്നി മെഡിക്കൽ കോളജിൽ 38 തസ്തികകൾ കൂടി

**കോന്നി:** കോന്നി സർക്കാർ മെഡിക്കൽ കോളജ് സൂപ്പർ സ്പെഷാലിറ്റി നിലവാരത്തിലേക്ക് ഉയർത്തുന്നതിൻറെ ഭാഗമായി 38 തസ്തികകൾ കൂടി സൃഷ്ടിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി കെ.യു. ജനീഷ് കുമാർ എംഎൽഎ അറിയിച്ചു.

സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിൽ ആദ്യമായി 42 സൂപ്പർ സ്പെഷാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനൊപ്പമാണ് കോന്നിയും സ്ഥാനം പിടിച്ചിരിക്കുന്നത്.

എമർജൻസി മെഡിസിനിലും പിഎംആർ വിഭാഗത്തിലും സൂപ്പർ സ്പെഷാലിറ്റിയും ഉൾപ്പെടെ 37 അധ്യാപക തസ്തികകളും ഒരു അനധ്യാപക തസ്തി കയുമാണ് അനുവദിച്ചിരിക്കു ന്നത്.352 കോടിയുടെ വിവിധ നിർമാണ പ്രവർത്തനങ്ങളാണ് കോന്നി മെഡിക്കൽ കോളജിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഒന്നും രണ്ടും വർഷ ബാച്ചുകളിലായി 200 എംബിബിഎസ് വിദ്യാർഥികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിനൊപ്പം വിദ്യാർഥികളുടെ എണ്ണത്തിലും വർധന വരുത്താനാകുമെന്നും എംഎൽഎ പറഞ്ഞു.



# കാഴ്ചവസന്തമായി കോട്ടയം പുഷ്പോത്സവം

**കോട്ടയം:** ക്രിസ്മസ്, പുതുവത്സരത്തിൽ കാഴ്ചയുടെ കുളിരായി കോട്ടയത്ത് പുഷ്പവസന്തം. റോസ്, ആന്തൂറിയം, സീനിയ, ഡാലിയ, മുല്ല, ചെത്തി, ചെമ്പരത്തി തുടങ്ങിയവയുടെ വർണഭേദങ്ങൾ. വലിപ്പത്തിലും നിറത്തിലും വ്യത്യസ്തമായ വേറെയും ഇനങ്ങൾ.വിദേശ ഇനങ്ങളും ബഡ്ഡിനങ്ങളും സങ്കര ഇനങ്ങളുമൊക്കെ വന്നതോടെ പുഷ്പോത്സവം കൂടുതൽ ആകർഷകമായി. പേരിലും ആകൃതിയിലും വ്യത്യസ്തമാണ് ഇക്കാലത്തെ പൂക്കളും ചെടികളും. ചെടികളുടെ വിൽപ്പന മാത്രമല്ല ചെടിച്ചട്ടികൾ, വളം, ഉപകരണങ്ങൾ, വിത്തുകൾ എന്നിവയെല്ലാം നാഗമ്പടം മേളയിൽ ലഭ്യമാണ്.ഫലവൃക്ഷത്തൈകളും വാങ്ങാം. കാണാനും ഭക്ഷിക്കാനും ഉല്ലസിക്കാനുമൊക്കെ അവരമാവുകയാണ് അവധിക്കാലത്തെ മേള.

# മൂന്നാറിൽ ഹിൽദാരി പദ്ധതിക്ക് തുടക്കമായി

**ഇടുക്കി:** മൂന്നാറിലെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപ്പാക്കുന്ന ഹിൽദാരി പദ്ധതിക്ക് തുടക്കമായി. മൂന്നാർ കെ.റ്റി.ഡി.സി ടി കൗണ്ടിയിൽ സംഘടിപ്പിച്ച ചടങ്ങിൽ അഡ്വ. എ. രാജ എം എൽ എ പദ്ധതി ഉദ്ഘാടനം ചെയ്തു.ഇടുക്കി ജില്ലാ സ്കിൽ കമ്മിറ്റിയുടെയും ജില്ലാ ഭരണകൂടത്തിന്റെയും സംയുക്ത പദ്ധതിയായ ഇടുക്കി ഒരു മിടുക്കി യോട് ചേർന്നാണ് നെസ്ലെയുടെ സാമൂഹിക പ്രതിബദ്ധത ഫണ്ട് ഉപയോഗിച്ച് ഹിൽദാരി പദ്ധതി നടപ്പാക്കുന്നത്. ഈ വർഷം മൂന്നാർ, ദേവികുളം, പള്ളിവാസൽ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ ദേവികുളം സബ് കളക്ടർ വി. എം. ജയകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വിനോദസഞ്ചാരത്തിന്റെ ഭാഗമായ മാലിന്യ സംസ്കരണ വെല്ലുവിളികളും അവയെ നേരിടുന്നതിനുള്ള ഉചിത മാർഗങ്ങളും എന്ന വിഷയത്തിൽ ശിൽപശാലയും ഇതോടനുബന്ധിച്ച് നടന്നു.

# വിമുക്ത ഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** 01.01.2000 മുതൽ 31.10.2022 വരെ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട്, രജിസ്ട്രേഷൻ പുതുക്കുന്നതിന് 31.01.2024 വരെ സമയം അനുവദിച്ചിരിക്കുന്നു. ഉദ്യോഗാർത്ഥികൾ 31.01.2024 മുമ്പായി എറണാകുളം ജില്ല സൈനിക ക്ഷേമ ഓഫീസിൽനിന്നും നൽകിയ ഒറിജിനൽ തൊഴിൽ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡു സഹിതം, അപേക്ഷ സമർപ്പിച്ചു തൊഴിൽ രജിസ്ട്രേഷൻ പുതുക്കണമെന്നു സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

